ടി രണ്ട് പദ്ധതികളിൽ ഒന്നാമത്തെ പദ്ധതിക്കായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. ഇതുവരെ പദ്ധതിക്കായി 65 കോടി ബഡ്ജറ്റ് വിഹിതവും 5 കോടി അധിക വിഹിതവും ഉൾപ്പെടെ 70 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്കായി ബഡ്ജറ്റ് വിഹിതത്തിൽനിന്നും 1,64,50,050 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) 30-4-2014-ലെ മന്ത്രിസഭാ തീരുമാനപ്രകാരം ആരംഭിച്ച മിഷൻ 676 പദ്ധതിയിൽ ഈ വകുപ്പിന്റെ ടി 2 പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതികളിൽ, അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നത് ഒരു തുടർ പദ്ധതിയാണ്. 31-5-2014-ന് അനുമതി നൽകിയ കമ്പ്യൂട്ടർവൽക്കരണ പദ്ധതി രണ്ട് വർഷം കൊണ്ട് തീർക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) മേൽ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

വാഹന ഇന്ധന പമ്പുകളിൽനിന്ന് ബില്ല്

229 (1273) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസിന്റെതുൾപ്പെടെയുള്ള വാഹന ഇന്ധന പമ്പുകളിൽ ഉപഭോക്താവിന് ബില്ല് നൽകാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏത് വ്യവസ്ഥ പ്രകാരമാണ് ബില്ല് നൽകാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പണം നൽകി ഇന്ധനം വാങ്ങുന്ന ഉപഭോക്താവിന് വാഹന നമ്പർ ഉൾപ്പെടുത്തി ബില്ല് ലഭ്യമാക്കാനുള്ള നിർദ്ദേശം സംസ്ഥാനത്തെ എല്ലാ പമ്പുകൾക്കും അടിയന്തരമായി നൽകുകയും അതുസംബന്ധിച്ച പരിശോധന കർശനമാക്കുകയും ചെയ്യുമോ ?

ഉത്തരം

(എ&ബി) സിവിൽ സപ്ലൈസിന്റെതുൾപ്പെടെയുള്ള വാഹന ഇന്ധന പമ്പുകളിൽ ആവശ്യപ്പെടുന്ന എല്ലാ ഉപഭോക്താക്കൾക്കും ബില്ല് നൽകാറുണ്ട്. ബില്ല് കിട്ടുന്നില്ല എന്ന പരാതി ലഭിച്ചാൽ ഉടൻ തന്നെ ഡീലർമാരുമായി ബന്ധപ്പെട്ട് പരാതി പരിഹരിക്കാറുണ്ട്. ആധുനിക ഡിസ്പെൻസിംഗ് യൂണിറ്റുകളിൽ ഓട്ടോമാറ്റിക്കായി തന്നെ ബില്ല് തയ്യാറാവുന്ന സംവിധാനം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly